1HoD C Kolu?
14/11

5147
11/11/08

**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കുടുംബശ്രീ സംഘടനാസംവിധാനം- തെരെഞ്ഞെടുപ്പ്- അയൽക്കൂട്ടങ്ങളുടെ അഫിലിയേഷൻ - സമയപരിധി പുനർനിർണ്ണയിച്ച് ഉത്തരവാകുന്നു.

---

തദ്ദേശ സ്വയം ഭരണ (ഐഎ)വകുപ്പ്.

സ.ഉ.(സാ) നം: 3858/08/തസ്വഭവ തീയതി 3/11/08,തിരുവനന്തപുരം

---

പരാമർശം:-1) 13.10.2008 ലെ സ.ഉ (പി) നമ്പർ 272/08/തസ്വഭവ

2)കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21/10/2008 ലെ

കെ.എസ്/എ1/46101/08 നമ്പർ കുറിപ്പ്.

**ഉത്തരവ്**

മേൽ പരാമർശിത ഉത്തരവ് പ്രകാരം ത്രിതല കുടുംബശ്രീ സംഘടനാ സംവിധാനങ്ങളുടെ തെരെഞ്ഞെടുപ്പ് നടപടിച്ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

തെരെഞ്ഞെടുപ്പ് മാർഗ്ഗരേഖയുടെ അനുച്ഛേദം 18.1 പ്രകാരം പുതിയ സിഡിഎസ് ഭരണസമിതികൾ അധികാരമേൽക്കുന്നതിന് നിർണ്ണയിച്ചിട്ടുള്ള സമയപരിധിക്കും 90 ദിവസം മുൻപെങ്കിലും സിഡിഎസിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള അയൽക്കൂട്ടങ്ങൾക്കു മാത്രമാണ് കുടുംബശ്രീ സംഘടനാ തെരെഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിനും, എഡിഎസ്, സിഡിഎസ് ഭാരവാഹി തെരെഞ്ഞെടുപ്പിൽ സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിനും വ്യവസ്ഥചെയ്തിട്ടുള്ളത്

എന്നാൽ പരിഷ്കരിച്ച ബൈലോ പ്രാബല്യത്തിൽ വരുന്നതിന് മുൻപ് രൂപീകൃതമായിരുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ നല്ലൊരു ശതമാനവും അഫിലിയേഷൻ യഥാസമയം പുതുക്കുന്നതിന് വേണ്ടത്ര ശ്രദ്ധചെലുത്തിരുന്നില്ല എന്നും ബൈലോ ഭേദഗതിയുടെയും, സംഘടനാ സംവിധാനം ചിട്ടപ്പെടുത്തലിന്റെയും ഭാഗമായി ത്രിതല കുടുംബശ്രീ സംഘടനാ സംവിധാനങ്ങളുടെ അഫിലിയേഷൻ പുതുക്കുന്നതിനുള്ള ബൃഹത്തായ പ്രവർത്തനം നടന്നു വരികയാണെന്നും ഈ പ്രത്യേക സാഹചര്യം പരിഗണിച്ച് അയൽക്കൂട്ടങ്ങളുടെ അഫിലിയേഷന് തെരെഞ്ഞെടുപ്പ് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള സമയക്രമം ഇത്തവണത്തേക്ക് മാത്രം പുനർനിർണ്ണയിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സൂചന 2 ലെ കുറിപ്പിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സിഡിഎസുകളുടെ അഫിലിയേഷന് തെരെഞ്ഞെടുപ്പ് മാർഗ്ഗരേഖയുടെ സെക്ഷൻ 18.1 ൽ അനുശാസിച്ചിട്ടുള്ള സമയക്രമം പുതിയ അയൽക്കൂട്ടങ്ങൾക്കു മാത്രം ബാധകമാക്കിയും, കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും സിഡിഎസിൽ അഫിലിയേറ്റ്

ചെയ്തിട്ടുള്ളതും, 2008 നവംബർ 1 ന് ഒരു വർഷമെങ്കിലും പൂർത്തീകരിച്ചിട്ടുള്ളതുമായ അയൽക്കൂട്ടങ്ങളുടെ അഫിലിയേഷൻ, ഇത്തവണത്തേക്ക് മാത്രം, സിഡിഎസ് ത്രിതല സംഘടനാ തെരെഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് ഒരു ദിവസം മുൻപ് വരെ പുതുക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡി.രാധാകൃഷ്ണൻ
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർമാർക്കും.
(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം).

എല്ലാ സിഡിഎസ്/എഡിഎസ്സുകൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം).

ഡയറക്ടർ ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം(തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻ വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്